**'ഭരണ ഭാഷ മാതൃഭാഷ'**

ഇ-മെയിൽ : 'dmekeral@gmail.Com
ഫാക്സ് : 0471-2443080
ഗ്രാം: ' DIRMEDEN'

ഫോൺ:ഓഫീസ്:0471- 2528575
2444270
ഡയറക്ടർ (പേഴ്സണൽ) :2444011

# കേരള സർക്കാർ
# മെഡിക്കൽ വിദ്യാഭ്യാസ കാര്യാലയം

മെഡിക്കൽ കോളേജ് പി.ഒ
തിരുവനന്തപുരം-695 011

നമ്പർ. ബി 3/6379/2014/ഡി.എം.ഇ

തീയതി : 01-07-2014

## വിജ്ഞാപനം
## ഡിപ്ലോമ ഇൻ ജനറൽ നഴ്സിംഗ് ആന്റ് മിഡ്‌വൈഫറി കോഴ്സ് 2014 - 15
## (പട്ടിക ജാതി പട്ടിക വർഗ്ഗ വിഭാഗത്തിൽപ്പെട്ടവർക്ക് മാത്രം)

മെഡിക്കൽ വിദ്യാഭ്യാസ വകുപ്പിന്റെ കീഴിൽ പട്ടിക ജാതി/പട്ടിക വർഗ്ഗ വിഭാഗത്തിൽപ്പെട്ടവർക്ക് വേണ്ടി തിരുവനന്തപുരം, കോട്ടയം, കോഴിക്കോട് സർക്കാർ നഴ്സിംഗ് കോളേജുകളിൽ നടത്തുന്ന ഡിപ്ലോമ ഇൻ ജനറൽ നഴ്സിംഗ് ആന്റ് മിഡ്‌വൈഫറി കോഴ്സിലേക്ക് 2014-15 ലേക്കുള്ള പ്രവേശത്തിനായി അപേക്ഷ ക്ഷണിക്കുന്നു. അപേക്ഷകർ പ്ലസ് ടു വിന് ഫിസിക്സ്, കെമിസ്ട്രി, ബയോളജി എന്നീ വിഷയങ്ങൾ എടുത്ത് പാസ്സായിരിക്കണം. പ്ലസ്ടു വൊക്കേഷണൽ ഏ.എൻ.എം.കോഴ്സ് പാസ്സായ വിദ്യാർത്ഥികളേയും പരിഗണിക്കുന്നതാണ്.അപേക്ഷകർ 2014 ഡിസംബർ 31 ന് 17 വയസ്സ് പൂർത്തിയായിട്ടുള്ളവരും 35 വയസ്സ് കഴിയാത്തവരും ആയിരിക്കണം. മൂന്ന് ശതമാനം സീററ് 40% മുതൽ 55% വരെ ശരീരിക വൈകല്യമുള്ളവർക്ക് സംവരണം ചെയ്തിട്ടുണ്ട്.

അപേക്ഷ ഫാറം 2014 ജൂലായ് 8-ാം തീയതി മുതൽ 25-ാം തീയതി വരെ 100 രൂപ നിരക്കിൽ സംസ്ഥാനത്തെ സർക്കാർ നഴ്സിംഗ് കോളേജ് പ്രിൻസിപ്പൽമാരുടെ ഓഫീസിൽ നിന്നും ലഭ്യമാണ്. (തിരുവനന്തപുരം,ആലപ്പുഴ,കോട്ടയം,തൃശ്ശൂർ,കോഴിക്കോട്) തപാൽമാർഗ്ഗം അപേക്ഷ ലഭിക്കണമെന്നുള്ളവർ 150 രൂപയുടെ മണിയോർഡർ സഹിതം അതാത് പ്രിൻസിപ്പാളിന്റെ ഓഫീസിൽ 2014 ജൂലായ് 23-ാം തീയതി അഞ്ച് മണിക്കകം ലഭിക്കത്തക്കവിധത്തിൽ അയയ്ക്കേണ്ടതാണ്. പൂരിപ്പിച്ച അപേക്ഷകൾ 2014 ജൂലായ് 30-ാം തീയതിക്കു മുമ്പായി തിരുവനന്തപുരത്തുള്ള മെഡിക്കൽ വിദ്യാഭ്യാസ കാര്യായലത്തിൽ ലഭിക്കേണ്ടതാണ്. വൈകി കിട്ടുന്നതും നിർദ്ദിഷ്ട രിതിയിൽ പൂരിപ്പിക്കാത്തതുമായ അപേക്ഷകൾ നിരസിക്കുന്നതണ്. കൂടുതൽ വിവരങ്ങൾ അപേക്ഷഫോറത്തോടൊപ്പം ലഭിക്കുന്ന പ്രോസ്പെക്ടസിൽ ലഭ്യമാണ്.ഈ ഓഫീസുമായി ബന്ധപ്പെടുവാനുള്ള ടെലഫോൺ നമ്പർ:0471- 2528575.

ഡി.ഡി.എൻ.ഇ

പകർപ്പ്:- 1)പട്ടികജാതി വികസന ഡയറക്ടറേററ്, തിരുവനന്തപുരം,
2)പട്ടിക വർഗ വികസന ഡയറക്ടറേററ്, തിരുവനന്തപുരം,
3)ആദിവാസി മഹാസഭ, ആദിവാസി ഭവൻ, വിതുര,
4)ഡയറക്ടർ, പബ്ലിക് റിലേഷൻസ്, തിരുവനന്തപുരം,
5)പ്രിൻസിപ്പാൾ, ഗവണ്മെന്റ് നഴ്സിംഗ് കോളേജ്, തിരുവനന്തപുരം/ആലപ്പുഴ/കോട്ടയം/തൃശ്ശൂർ/കോഴിക്കോട്.
6)ഡി.എം.ഇ/ജെ.ഡി.എം.ഇ(എം/ജി) ഡി.ഡി.എൻ.ഇ എന്നിവരുടെ സി.എ മാർക്ക്, 7)നോട്ടീസ് ബോർഡ് 8)സർജന്റ്.